**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 91** **22-02-2022 - ൽ മറുപടിയ്ക്ക്**

**പൗരത്വ ഭേദഗതി ബില്ലിന് എതിരായി നടന്ന സമരങ്ങളിലെ കേസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | പൗരത്വ ഭേദഗതി ബില്ലിന് എതിരായി കേരളത്തിൽ നടന്ന സമരവുമായി ബന്ധപെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; അതിൽ എത്ര കേസുകൾ നാളിതുവരെ പിൻവലിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ? | (എ) | കേസുകൾ പിൻവലിക്കുന്നതിന് നിരാക്ഷേപപത്രം നൽകിയിട്ടുള്ള കേസുകളിൽ ബന്ധപ്പെട്ട പബ്ലിക് പ്രോസിക്യൂട്ടർ പൊതുതാൽപ്പര്യം മുൻനിർത്തി പരിശോധിച്ച്, കേസുകൾ പിൻവലിക്കുന്നതിന് അപേക്ഷ ബഹു.കോടതികളിൽ സമർപ്പിക്കുകയാണ് ചെയ്യുന്നത്. പ്രസ്തുത അപേക്ഷകളിൽ കേസ് പിൻവലിക്കുന്നതിന് അനുമതി നൽകുന്നത് ബഹു.കോടതികളാണ്. പൗരത്വഭേദഗതി ബില്ലിനെതിരെ നടന്ന പ്രതിഷേധത്തിനിടയിൽ ഉണ്ടായ നിയമലംഘനങ്ങളുമായി ബന്ധപ്പെട്ട് 835 കേസുകൾ രജിസ്റ്റർ ചെയ്യുകയും അതിൽ നാളിതുവരെ ബഹു.കോടതികളുടെ അനുമതി ലഭിച്ചതിനെത്തുടർന്ന് 29 കേസുകൾ പിൻവലിക്കുകയും ചെയ്തിട്ടുണ്ട്. ഈ സംഭവവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ നിലവിലുള്ള സ്ഥിതി, സ്വഭാവം എന്നിവ പരിശോധിച്ച് തുടർനടപടികൾ വേഗത്തിലാക്കുന്നതിന് ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് (ക്രൈം ബ്രാഞ്ച്) തിരുവനന്തപുരം റേഞ്ചിന്റെ നേതൃത്വത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ